# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 948** **14/06/2012 ൽ മറുപടിക്ക്**

## ആർ.എം.എസ്.എ പദ്ധതി ഫണ്ടുകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. പി. കെ. ബഷീർ:

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) 2009–10, 2010–11, 2011–12 വർഷങ്ങളിൽ ആർ.എം. എസ്.എ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു, ഇതിൽ എത്ര തുക സംസ്ഥാന ത്തിന് ലഭിച്ചു ;

എ) വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക (കോടിയിൽ) | ലഭിച്ച തുക (കോടിയിൽ) | |
|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2009–10 | 47.48 | 18.22 | 6.07 |
| 2010–11 | 122.03 | 5.84 | 1.96 |
| 2011–12 | 172.37 | 10.09 | 6.36 |
| **ആകെ** | **341.88** | **43.15** | **14.39** |

ബി) ആർ.എം.എസ്.എ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നാളിതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ബി) കേരളത്തിൽ 2009–10 വർഷം ആർ.എം. എസ്.എ. പദ്ധതി നിലവിൽ വന്നു. 2009-10 ൽ സമർപ്പിച്ച വാർഷിക പദ്ധതി പ്രകാരം 1019 ഹൈസ്കൂളുകൾക്ക് 40,000 രൂപ സ്കൂൾ ഗ്രാന്റായും 25,000 രൂപ അറ്റകുറ്റപണികൾക്കും കൊടുത്തിട്ടുണ്ട്. 60 സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിന് അനുവാദം ലഭിക്കുകയും അവയുടെ കെട്ടിട നിർമ്മാണ ചെലവിലേക്കായി 58.12 ലക്ഷം രൂപ അനുവദിച്ചതിൽ 20 ലക്ഷം രൂപ വീതം ഓരോ സ്കൂളിനും നൽകുകയും ചെയ്തു. അദ്ധ്യാപക പരിശീലനത്തിനായും ഒരാൾക്ക് ആയിരം രൂപാ വീതം 41 ലക്ഷം രൂപ നൽകി. 2010–11 വർഷത്തെ പദ്ധതി പ്രകാരം 122.03. കോടി രൂപ അംഗീകരിച്ചു. അതിൽ കേന്ദ്രത്തിൽ നിന്ന് 5.84 കോടിയും സംസ്ഥാന വിഹിതം 1.96 കോടിയും കിട്ടിയതിൽ 1030 സ്കൂളുകൾക്ക് വാർഷിക ഗ്രാന്റായി 50,000 രൂപാ വീതവും അറ്റകുറ്റപണികൾക്കായി 997 സ്കൂളുകൾക്കായി 25,000 രൂപാ വീതവും നൽകി. 36 സ്കൂളുകൾ ഹൈസ്കൂളാക്കി ഉയർത്താൻ കേന്ദ്രാനുമതി ലഭിച്ചെങ്കിലും സംസ്ഥാന അനുമതി ലഭിച്ചിട്ടില്ല. 2011 -12 വാർഷിക പദ്ധതി പ്രകാരം 172.37 കോടി രൂപ

(.........2)

അംഗീകരിച്ചതിൽ ആദ്യ ഗഡുവായി കേന്ദ്രത്തിൽ 19.09.കോടി രൂപയും സംസ്ഥാന വിഹിതം 6.36 കോടി രൂപയും കിട്ടി. ഇതിൽ വാർഷിക ഗ്രാന്റായി 50,000 രൂപയും അറ്റകുറ്റപണികൾക്കായി 25,000 രൂപയും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. അദ്ധ്യാപക പരിശീലനത്തിനായി 4 കോടി രൂപ കൊടുത്തിട്ടുണ്ട്. 16 സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി തുക ഇനിയും ലഭിക്കാനുണ്ട്.

സെക്ഷൻ ഓഫീസർ